**പതിനഞ്ചാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 നവംബർ 03, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

47 (*451) ഐ.ടി. കമ്പനികളിലെ പിരിച്ചുവിടൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ഐ.ടി കമ്പനികളുടെയും ജീവനക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ ചൂഷണം തടയുന്നതിനും ശക്തമായ ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് സഭയെ അറിയിച്ചു. അനധികൃതമായി ജീവനക്കാരെ പിരിച്ചുവിടരുതെന്നും ശമ്പളവും മറ്റാനുകൂല്യങ്ങളും കൃത്യമായി ലഭ്യമാക്കണമെന്നുമുള്ള പൊതുസമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പ്രോജക്ട് അടിസ്ഥാനത്തിൽ നിയമനങ്ങൾ നടക്കുന്നതിനാൽ മറ്റു കമ്പനികളിൽ മികച്ച തൊഴിലവസരങ്ങൾ

ലഭ്യമാകുമ്പോൾ ജീവനക്കാർക്ക് സ്വയം പിരിഞ്ഞുപോകുന്നതിന് അവസരമുണ്ട്. ഐ.ടി പാർക്കുകളും കമ്പനികളും തമ്മിലുള്ള വാടക/പാട്ടക്കരാറിൽ ലേബർ നിയമങ്ങൾ കർശനമായി നടപ്പിലാക്കണമെന്ന് നിഷ്കർഷിക്കുകയും ജീവനക്കാർക്കായി ക്ഷേമനിധി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥകളിൽ വീഴ്ച വരുത്തുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് കമ്മിറ്റിയും ജീവനക്കാർക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിനായി ഐ.ടി പാർക്കുകളിൽ എച്ച്.ആർ ഗ്രീവൻസ് കമ്മിറ്റികളും സംസ്ഥാന ലേബർ കമ്മീഷണർ തലത്തിൽ ഗ്രീവൻസ് റിഡ്രെസൽ സെൽ/കൺസൾട്ടേറ്റീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉണ്ടായ പ്രതിസന്ധി മറികടക്കാൻ 10000 ച.അടിയിൽ കൂടുതൽ സ്ഥലത്ത് പ്രവർത്തിക്കുന്ന ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾക്ക് മൂന്ന മാസത്തെ വാടകയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും ഐ.ടി പാർക്കുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും 25000 ച.അടി വരെ വിസ്തീർണ്ണമുള്ളതുമായ കമ്പനികൾക്ക് മൂന്ന മാസത്തെ വാടക 10000 ച.അടി വരെ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ നൽകിയ ആശ്വാസ

നടപടികളുടെ ഫലമായി 2020-21- ൽ ഐ.ടി പാർക്കുകളിൽ 1000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും രണ്ടുലക്ഷം ചതുരശ്ര അടി built up space ന്റെ അധിക വിനിയോഗമുണ്ടാവുകയും ചെയ്തിട്ടുണ്ട്. മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഐ.ടി. കമ്പനികൾ വർക്ക് ഫ്രം ഹോം സംവിധാനമേർപ്പെടുത്തിയിട്ടുള്ളതെന്നും അസമയത്ത് ഷിഫ്റ്റ് അവസാനിക്കുന്ന വനിതാ ജീവനക്കാരെ സുരക്ഷിതമായി താമസ സ്ഥലത്ത് എത്തിക്കുന്നതിന് ഐ.ടി. കമ്പനികൾ സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തൊഴിലുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുണ്ടാകുന്ന മാനസികസംഘർഷങ്ങൾ പരിഹരിക്കാൻ കമ്പനികൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഐ.ടി. രംഗത്തെ വിദേശസാധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്താനും ആവശ്യകതയനുസരിച്ച് കോഴിക്കോട് സൈബർ പാർക്ക് വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

48 (*452) <u>ലഹരി വിമുക്ത കേരളം</u>

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ കടത്ത്, വിൽപ്പന, ഉപയോഗം എന്നിവയ്ക്കെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ബോധവൽക്കരണം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ ‘ ലഹരിമുക്ത കേരളം’ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് 'വിമുക്തി മിഷന്' രൂപം നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരിവിരുദ്ധ ക്ലബ്ബുകളിലൂടെയും 'ഉണർവ് ', 'നേർക്കൂട്ടം', ‘ ശ്രദ്ധ’ എന്നീ കമ്മിറ്റികൾ മുഖേനയും തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വാർഡുതല വിമുക്തി സമിതികൾ രൂപീകരിച്ചും ബോധവത്ക്കരണ പ്രവർത്തനങ്ങളും ലഹരി വിമുക്ത ചികിത്സയും നടത്തിവരുന്നു. തീരദേശ-ആദിവാസി മേഖലകളിലെ കുട്ടികളിലും യുവാക്കളിലും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും അവർ അനഭിലഷണീയ പ്രവണതകളിൽ ഏർപ്പെടാതിരിക്കാനും “ ഫിറ്റ്നെസ്സ് കേന്ദ്രങ്ങൾ” തുടങ്ങുന്നതിനും എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട 21 വയസ്സിൽ താഴെ

പ്രായമുള്ളവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി തിരുവനന്തപുരം ജില്ലയിൽ ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടെന്നും എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും എല്ലാ ജില്ലകളിലും നിലവിലുള്ളവയ്ക്കുപുറമെ രണ്ടു സെന്ററുകൾകൂടി ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓൺലൈൻ പ്ലാറ്റ് ഫോം മുഖേനയുള്ള ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിന് ഓൺലൈൻ സ്ഥാപനങ്ങളിലും പാഴ്സൽ സർവ്വീസ് ഏജൻസികളിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ലഹരിവിമുക്ത ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടെന്നും ഇടുക്കി ജില്ലയിൽ ഇതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും മയക്കുമരുന്ന് ലോബിക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

49 (*453) ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ പ്രവർത്തനം

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ ചുമതലകൾ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പൈതൃക പ്രാധാന്യമുള്ള കെട്ടിടങ്ങൾ, സമുച്ചയങ്ങൾ, പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും രൂപകൽപ്പന ചെയ്യുന്നതിനും കമ്മീഷൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരം ഫോർട്ട്, ആലപ്പുഴ കനാൽ, പാലക്കാട് കൽപ്പാത്തി, കോഴിക്കോട് മാനാഞ്ചിറ എന്നീ ഏരിയകളുടെ സ്റ്റഡി, ഡോക്യുമെന്റേഷൻ, ഡിസൈൻ തയ്യാറാക്കൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. പൈതൃക സമുച്ചയങ്ങളും സ്മാരകങ്ങളും നിലകൊള്ളുന്ന പ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും വിവിധ മാസ്റ്റർ പ്ലാനുകളിലും വിശദ നഗരാസൂത്രണ പദ്ധതികളിലും ഉൾപ്പെട്ടുവരുന്ന പൈതൃക പ്രാധാന്യമുള്ള പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് മേഖലാനിയന്ത്രണങ്ങളും മാർഗ്ഗരേഖകളും തയ്യാറാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എല്ലാ ജില്ലകളിലെയും ഹെറിറ്റേജ് പ്രാധാന്യമുള്ള കെട്ടിടങ്ങൾ/ഏരിയകൾ സംബന്ധിച്ച് 'ഹെറിറ്റേജ്

ഓഫ് കേരള്' എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷൻ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

<u>അടിയന്തര ചോദ്യം</u>

<u>മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശങ്ങളിൽ ലഭ്യമാകുന്ന മഴയും നീരൊഴുക്കും കാരണമുണ്ടാകുന്ന ജലനിരപ്പിലെ വ്യതിയാനങ്ങൾ യഥാസമയം അവലോകനം ചെയ്ത് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 2021 ഒക്ടോബർ 18-ന് ജലനിരപ്പ് 133.45 അടിയായി ഉയർന്നപ്പോൾ വിഷയം തമിഴ്നാട് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മുല്ലപ്പെരിയാർ മേൽനോട്ട സമിതി ചെയർമാൻ, തമിഴ്നാട് ജലവിഭവ വകുപ്പ് സെക്രട്ടറി, കേന്ദ്ര ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്കും 23-ാം തീയതി കേന്ദ്ര

ജലവിഭവ വകുപ്പുസെക്രട്ടറിക്കും കത്തയയ്ക്കുകയും സുപ്രീം കോടതി വിധിപ്രകാരമുള്ള ജലനിരപ്പ് നിലനിർത്തിക്കൊണ്ട്, മുന്നറിയിപ്പ് നൽകിയശേഷം അധികജലം ക്രമാനുഗതമായി തുറന്നുവിടാനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒക്ടോബർ 24-ന് കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് അയച്ച കത്തിന് ഇരുസംസ്ഥാനങ്ങളുടെയും താൽപ്പര്യം സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിനുപകരം പുതിയ ഡാം പണികഴിപ്പിക്കണമെന്ന കേരളത്തിന്റെ വ്യക്തമായ നിലപാട് സുപ്രീം കോടതിയെ അറിയിക്കുകയും തമിഴ്നാട് വൈഗൈ ഡാമിലേയ്ക്ക് പരമാവധി ജലം കൊണ്ടുപോകണമെന്ന് ശക്തിയായി ആവശ്യപ്പെടുകയും മുല്ലപ്പെരിയാർ മേൽനോട്ട സമിതി മുമ്പാകെ തമിഴ്നാട് സർക്കാർ സമർപ്പിച്ച റൂൾ കർവിനെപ്പറ്റിയുള്ള വിയോജിപ്പ് കോടതി മുമ്പാകെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന് സുരക്ഷ തമിഴ്നാടിന് ജലം എന്ന നയമാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും വ്യക്തമായ മുന്നറിയിപ്പോടുകൂടി നിയന്ത്രിത അളവിലാണ് അധിക ജലം ഒഴുക്കിയിട്ടുള്ളതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.